**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷനിലെ കൗൺസിൽ അംഗങ്ങൾക്കും സെക്ഷൻ മേധാവികൾക്കും ഐ.ഐ.എം.ൽ വച്ച് ഏകദിന പരിശീലനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ.) നം. 38/2016/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 06/01/2016.

പരാമർശം :- കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 16.12.2015 ലെ ഡി 3-122068/15 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട 75 കോർപ്പറേഷൻ കൗൺസിൽ അംഗങ്ങൾക്കും കോർപ്പറേഷനിലെ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന വകുപ്പ് മേധാവികൾക്കും 06.01.2016 ന് കോഴിക്കോട് ഐ.ഐ.എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്) ൽ വച്ച് ഏകദിന പരിശീലനം നൽകുന്നതിന് ഒരാൾക്ക് 5,500/- രൂപ പ്രകാരം കോർപ്പറേഷൻ ഫണ്ടിൽ നിന്ന് നൽകുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട കോർപ്പറേഷൻ കൗൺസിൽ അംഗങ്ങളും കോർപ്പറേഷനിലെ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന വകുപ്പ് മേധാവികളും ഉൾപ്പെടെ പരമാവധി 100 പേർക്ക്, 06.01.2016 ന് കോഴിക്കോട് ഐ.ഐ.എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്) ൽ വച്ച് ഏകദിന പരിശീലനം നൽകുന്നതിന് ഒരാൾക്ക് 5,500/- രൂപ പ്രകാരം കോർപ്പറേഷൻ ഫണ്ടിൽ നിന്ന് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സോണിയ വാഷിംഗ്ടൺ
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തൃശ്ശൂർ.